## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 4** **01.12.2014-ൽ മറുപടിക്ക്**

### ജസ്റ്റീസ് ശിവരാജൻ കമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ഡോ. കെ.ടി. ജലീൽ<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. വി. ശിവൻകുട്ടി | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ഓഫീസ്, പേഴ്സണൽ സ്റ്റാഫ്, മുൻ ആഭ്യന്തര മന്ത്രി, മുൻ കേന്ദ്ര മന്ത്രി എന്നിവർക്കെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങൾ കൂടി അന്വേഷണ വിഷയങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തി, ജസ്റ്റീസ് ശിവരാജൻ കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. ജസ്റ്റീസ് ജി. ശിവരാജൻ കമ്മീഷന്റെ അന്വേഷണ വിഷയങ്ങൾ വിപുലീകരിച്ചിട്ടില്ല. എന്നാൽ കമ്മീഷൻ അന്വേഷിക്കേണ്ട ആരോപണങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിച്ച്, ആരോപണങ്ങൾ നിർണ്ണയിച്ച് വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ആരോപണവിധേയർ തൽഅധികാര സ്ഥാനങ്ങളിൽ തുടരുന്നത് തെളിവുകൾ നശിപ്പിക്കപ്പെടാൻ ഇതിടയാക്കുമെന്ന കാര്യം വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ജുഡീഷ്യൽ അന്വേഷണം നടത്തുന്ന കമ്മീഷൻ, അന്വേഷണ വിഷയങ്ങൾ പുതുക്കുന്നതിനായി കണ്ടെത്തിയ വസ്തുതകൾ ആരോപണ വിധേയരായിട്ടുള്ളവർ ഔദ്യോഗിക സ്ഥാനങ്ങൾ ദുരുപയോഗം ചെയ്തുവെന്ന് പ്രഥമദൃഷ്ട്യാ ശരിവെക്കുന്നുണ്ടോ; | (സി) ജസ്റ്റീസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ അന്വേഷണ വിഷയങ്ങൾ പുതുക്കിയിട്ടില്ല. |
| ഡി) സർക്കാർ നൽകിയ ടേംസ് ഓഫ് റഫറൻസിൽ മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ഓഫീസും ഏതെങ്കിലും മന്ത്രിമാരും ഓഫീസുകളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ; ഇവ കൂടി പുതുതായി ഉൾപ്പെടുത്തുന്നത് ഏത് ഘട്ടത്തിലാണെന്നും സാഹചര്യം എന്താണെന്നും അറിയിക്കുമോ? | (ഡി) ജസ്റ്റീസ് ജി. ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് കേരള നിയമസഭയിലും പുറത്തും ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ ആരോപണങ്ങളും ഉൾപ്പെടുത്തിയിരുന്നു. ടേംസ് ഓഫ് റഫറൻസിൽ പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ